Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 23 | 2018 മെയ് 27 | 1193 ഇടവം 13

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org

തിരുവനന്തപുരം റൂറൽ

ഗുരുവാണി

"വിനയത്തിൽ സത്യസന്ധത പാലിച്ച് ധൈര്യം സമ്പാദിച്ച് ആരുടേയും അടിമയാകാതെ മാത്രമേ നിങ്ങൾ ഓരോരുത്തരും ഇവിടെ പെരുമാറാവൂ. "

# അഭിവന്ദ്യ ശിഷ്യപൂജിതയുടെ കൊട്ടാരക്കര തീർത്ഥയാത്ര

## ജൂൺ 2,3,4 തീയതികളിൽ



ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ബ്രാഞ്ച്

**സ്പിരിച്വൽ സോൺ :** ഗുരുസ്ഥാനീയ അഭിവന്ദ്യ ശിഷ്യപൂജിത ജൂൺ 2, 3, 4 തീയതികളിൽ കൊട്ടാരക്കര ആശ്രമം ബ്രാഞ്ചിൽ സന്ദർശനം നടത്തും. പ്രദേശത്തെ ആത്മബന്ധുക്കളുടെ ഭവനങ്ങളിലും ശിഷ്യപൂജിത സന്ദർശനം നടത്തുന്നതാണ്.

ജൂൺ 2 ശനിയാഴ്ച രാവിലെ എട്ടു മണിക്ക് തിരുവനന്തപുരം ശാന്തിഗിരി ആശ്രമത്തിൽ നിന്നും യാത്ര തിരിക്കുന്ന ശിഷ്യപൂജിതയെ സന്ന്യാസിസന്ന്യാസിനിമാരും ആത്മബന്ധുക്കളും അനുഗമിക്കും. കാർ മാർഗം രാവിലെ പത്തുമണിയോടെ ആനക്കോട്ടൂരുള്ള ആത്മബന്ധുവിന്റെ ഭവനത്തിൽ എത്തിച്ചേരുന്ന ശിഷ്യപൂജിതയ്ക്ക് കൊട്ടാരക്കരയിലെ ആത്മബന്ധുക്കൾ സ്വീകരണം നല്കും. അൽപസമയം വിശ്രമത്തിനുശേഷം യാത്ര തിരിക്കുന്ന ശിഷ്യപൂജിത ഏതാനും ഭവനങ്ങൾ കൂടിസന്ദർശിച്ചതിനുശേഷം വൈകുന്നേരം 5.45 മണിയോടെ കൊട്ടാരക്കര ബ്രാഞ്ചാശ്രമത്തിൽ എത്തിച്ചേരും. ഗുരുഭക്തർ ചേർന്ന് പൂർണ്ണകുംഭം നല്കി അഭിവന്ദ്യ ശിഷ്യപൂജിതയെ സ്വീകരിക്കും. തുടർന്ന് ഗുരുദർശനവും തട്ടം സമർപ്പണവും നടക്കും. ആശ്രമത്തിൽ തന്നെ വിശ്രമിക്കുന്ന ശിഷ്യപൂജിതയെ പിറ്റേദിവസം രാവിലെ കൊട്ടാരക്കരയിലെ പൗരപ്രമുഖരും വിശിഷ്ടവ്യക്തിത്വങ്ങളും സന്ദർശിക്കുന്നതാണ്. സത് സംഗവും ഉണ്ടായിരിക്കും.

തിങ്കളാഴ്ച രാവിലെ ഗുരുദർശനത്തിനും തട്ടം സമർപ്പണത്തിനും ശേഷം ഉച്ച തിരിഞ്ഞ് രണ്ടുമണിക്ക് അഭിവന്ദ്യ ശിഷ്യപൂജിത കൊട്ടാരക്കര ആശ്രമത്തിൽ നിന്നും യാത്ര തിരിക്കും. 3.30 മണിയോടെ കേന്ദ്രാശ്രമത്തിൽ മടങ്ങിയെത്തും.

ഗുരുവിന്റെ ജന്മാന്തര കർമ്മപുണ്യത്തിന്റെ കൈയ്യൊപ്പു ചാർത്തിയ സ്ഥലങ്ങളാണ് പിന്നീട് ആശ്രമത്തിന്റെ പ്രധാനകേന്ദ്രങ്ങളായി എവിടെയും പരിണമിച്ചിട്ടുള്ളത്. കൊട്ടാരക്കര ആശ്രമത്തിന്റെ ചരിത്രവും വ്യത്യസ്തമല്ല. ഇത് ഗുരുവിന്റെ സങ്കല്പധന്യത ആവോളം ഹൃദയത്തിൽ ഏറ്റുവാങ്ങിയ തപോഭൂമിയാണ്. പ്രകൃതിഭംഗി കനിഞ്ഞനുഗ്രഹിച്ച ഒരു നാട്. ചരിത്രപുസ്തകങ്ങളിൽ പരതിയാൽ പണ്ട് എളയിടത്തുസ്വരൂപം എന്ന നാട്ടുരാജ്യത്തിന്റെ ആസ്ഥാനമായിരുന്നു കൊട്ടാരക്കര. എളയിടത്തു തമ്പുരാന്റെ കൊട്ടാരം ഇരുന്ന കരയാണ് കൊട്ടാരക്കരയായി മാറിയതത്രെ. രാമനാട്ടത്തിന്റെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാന്റെ നാടാണിത്. കേരളത്തിന്റെ പരമ്പരാഗത കലാരൂപമായ കഥകളിയുടെ പൂർവരൂപമായ രാമനാട്ടം ഉദയം കൊണ്ട നാട് പണ്ടുമുതലേ പേരുകേട്ടതായിരുന്നു. ചരിത്രത്തിന്റെ ദീപ്തസ്മരണകൾ ആവോളം ആവാഹിക്കുന്ന ഈ പൈതൃകദേശത്തിന്റെ നേർക്കാഴ്ചകൾക്കു പിന്നിലേക്കു നീങ്ങുമ്പോൾ അറിയുന്ന കാഴ്ചകൾ വിസ്മയാവഹമാണ്.

1993 സെപ്റ്റംബർ 13 ന് ഇവിടെ ചരിത്രം വഴിമാറുകയായിരുന്നു. കാലധർമ്മപഥങ്ങളിൽ ഉൾപ്പുളകം ചാർത്തിക്കൊണ്ട് കാരുണ്യത്തിന്റെ കനകഭാവമായ നവജ്യോതിശ്രീ കരുണാകരഗുരു ഇവിടേക്കു കടന്നുവന്നത് ആ ദിവസമാണ്. ആത്മീയതയുടെ ഒരു പുണ്യപർവ്വത്തിന് അന്ന് തുടക്കമാവുകയായിരുന്നു. ഗുരുവിന്റെ കാരുണ്യധന്യതയിൽ ഈ ദേശത്തിന്റെ പൂർവ കർമ്മഗതികൾ വത്സലശിഷ്യയുടെ ഉൾക്കണ്ണുകൾക്കു മുന്നിൽ മറനീങ്ങി. സൃഷ്ടിയുടെ രഹസ്യപ്പൊരുളുകൾ ഉറങ്ങിക്കിടക്കുന്ന ഒരു തപോഭൂമി. യുഗാന്തരങ്ങൾ നീളുന്ന വഴിത്താരയിൽ യോഗികളും ഭക്തരും ജ്ഞാനികളുമായ അനേകം പുണ്യാത്മാക്കളുടെ കർമ്മസമീക്ഷകൾ ഊർജ്ജപ്രവാഹങ്ങളാകുന്ന ഇടം. അവയ്ക്കെല്ലാം കേന്ദ്രബിന്ദുവായി നിലകൊള്ളുന്ന കാരുണ്യഗുരുവിന്റെ ജന്മവും കർമ്മവും നിലനില്ക്കുന്ന അനേകം ഭൂമികകൾ...

2013 ഡിസംബർ 18 ന് ഗുരുവിന്റെ ശിഷ്യപൂജിത വീണ്ടും കൊട്ടാരക്കരയിലേക്കു കടന്നുവന്നു. സുകൃതധന്യമായ ആ നിമിഷങ്ങളിൽ ഗുരുവിനൊപ്പമെത്തിയ കാലത്തെ സങ്കല്പതന്തുക്കൾക്കു സ്ഥായീഭാവമുണ്ടായി. കുറ്റിക്കുന്നിൽ കുടുംബം ഗുരുവിന് സമർപ്പിച്ച സ്ഥലത്ത് ലോകത്തിന്റെ ആരാമമായി ഭവിക്കാനുള്ള ആ രമ്യഭൂമിയിൽ ഗുരുപരമ്പരയുടെ കൂട്ടായ പരിശ്രമവും ദൈവകാരുണ്യവും ഒരുമിച്ചപ്പോൾ ദൈവസന്നിധാനത്തിനു തിരിതെളിഞ്ഞു– 2014 മാർച്ച് 23 ന്. ആ ദൈവഭൂമിയിലേക്കാണ് ശിഷ്യപൂജിത വീണ്ടും എത്തുന്നത്. ഭക്തിയുടെയും സ്നേഹത്തിന്റെയും നിറദീപമൊരുക്കി അഭിവന്ദ്യ ശിഷ്യപൂജിതയെ സ്വീകരിച്ചാനയിക്കുവാൻ പ്രാർത്ഥനാപൂർവ്വം തയ്യാറെടുക്കുകയാണ് ഓരോ ആത്മബന്ധുവും.

## സത്സംഗം ജൂൺ 3 ന്

**കൊട്ടാരക്കര:** അഭിവന്ദ്യ ശിഷ്യപൂജിതയുടെ സന്ദർശനത്തോടനുബന്ധിച്ച് ജൂൺ 3 ഞായറാഴ്ച രാവിലെ 10 മണിക്ക് കൊട്ടാരക്കര ബ്രാഞ്ചാശ്രാമത്തിൽ സത്സംഗം നടക്കും. സന്ന്യാസിമാർ, ജനപ്രതിനിധികൾ, ആത്മബന്ധുക്കൾ തുടങ്ങിയവർ സംസാരിക്കും. ശാന്തിഗിരി ആശ്രമം കൊട്ടാരക്കര ബ്രാഞ്ചിന്റെ ചരിത്രം വിവരിക്കുന്ന 'പാഥേയം' പ്രത്യേക എപ്പിസോഡ് പ്രദർശിപ്പിക്കും. ഇതു കൂടാതെ നവഒലി ജ്യോതിർദിനം ആഘോഷത്തിന്റേതുൾപ്പെടെയുള്ള വിഷ്വൽ പ്രസന്റേഷനുകൾ എന്നിവ നടക്കും. ഗുരുഭക്തിഗാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഗാനസുധയും (ലൈവ് ഓർക്കസ്ട്ര) ഉണ്ടായിരിക്കും. നൃത്തപരിപാടികളും നടക്കും. രാത്രി 9 മണിയോടെ സത്സംഗം സമാപിക്കും.

ഗുരുചരണം ശരണം

Santhigiri

**Psysiotherapy & Rehabilitation**

**ഫിസിയോതെറാപ്പി ചികിത്സ**

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ ഇപ്പോൾ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിസിയോതെറാപ്പി വിഭാഗം പ്രവർത്തിക്കുന്നു.



- പല തരത്തിലുള്ള വാതസംബന്ധമായ വേദനകൾ
- ഞരമ്പ് തളർച്ചകൾ
- ശരീരവൈകല്യങ്ങൾ
- അസ്ഥി–പേശീ രോഗങ്ങൾ
- ഒടിവ്, പേശികൾക്കേറ്റ മുറിവുകൾ എന്നിവയ്ക്ക് ശസ്ത്രക്രിയകൾ കഴിഞ്ഞുള്ള പ്രശ്നങ്ങൾ
- ഡയബറ്റിക്സ് മൂലം ഉണ്ടാകാൻ സാധ്യതയുള്ള അസ്ഥി പേശീ ഞരമ്പ് ബുദ്ധിമുട്ടുകൾ
- കുട്ടികൾക്ക് ജന്മനാ കാണപ്പെടുന്നതായ ഞരമ്പുരോഗങ്ങൾ
- സ്പോർട്സ് ഇഞ്ചുറീസ് (Sports injuries)

**ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ**

ശാന്തിഗിരി പി.ഒ., തിരുവനന്തപുരം – 695 589

+ 91 471 2716301, 8606699000, 8606622000

siddhahospital.santhigiri@gmail.com / healthcare.santhigiriashram.org

www.santhigiriashram.org For online booking www.santhigirionline.com

# ഗുരുവാണി

യുഗാന്തരങ്ങളായി വന്ന മഹാത്മാക്കൾക്കു കിട്ടാത്ത വിഷയമാണ് നിങ്ങളിൽക്കൂടി, ഒന്നും അറിയാൻ വയ്യാത്ത, യാതൊന്നും കേട്ടു പരിചയമോ കണ്ടുപരിചയമോ ഇല്ലാത്ത നിങ്ങളിൽക്കൂടി വരുത്തിയിരിക്കുന്നത്. ഈ വിഷയം ബ്രഹ്മേച്ഛയിൽ കിട്ടിയതാണ്. ആ ഇച്ഛ മാനിച്ചെടുക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലെങ്കിൽ നിങ്ങളിൽ എന്നല്ല, നിങ്ങളുടെ പരമ്പരയിൽ നിന്നുതന്നെ ഇതു മാറിപ്പോകും. നിങ്ങളുടെ പരമ്പരയ്ക്ക് അതുമൂലം വലിയ അപകടങ്ങളുണ്ടാകും. നിങ്ങൾ, പറയുന്നത് പറയുന്നതുപോലെയേ പ്രവർത്തിക്കാവൂ. പ്രത്യേകിച്ച് ഗുരുപൂജ ചെയ്തവർ പറയാത്തതോ അനുവാദമില്ലാത്തതോ ചെയ്യരുത്. ചെയ്യണ്ട എന്നുപറയുന്ന കാര്യത്തിൽ ബുദ്ധി ഒരിക്കലും പ്രയോഗിക്കരുത്. ബുദ്ധി പ്രയോഗിച്ചാൽ സംഭവിക്കുന്നത് എന്തൊക്കെയാണെന്നു ചിന്തിക്കാൻപോലും കഴിയുകയില്ല. വാക്ക് അനുസരിക്കാത്ത ഓരോ വ്യക്തിക്കും ഓരോ വീടിനും എന്തൊക്കെ സംഭവിച്ചിരിക്കുന്നു എന്ന് നിങ്ങൾക്കുതന്നെ ബോധ്യമുണ്ടല്ലോ. പ്രസ്ഥാനത്തിനു ദോഷം ചെയ്യാത്തവരുടെ വീടുകളിൽപോലും അനുസരണയില്ലാതെ വന്നതുകൊണ്ട് വിഷമങ്ങൾ സംഭവിച്ചിരിക്കുന്നു.

ലോകത്താർക്കും ഇന്നോളം കിട്ടിയിട്ടില്ലാത്ത കാര്യമാണ് നിങ്ങൾക്ക് തന്നിരിക്കുന്നത്. അതായത് യുഗാന്തരങ്ങളിലൂടെ സംഭവിച്ചിരിക്കുന്ന തെറ്റ് തിരുത്തുന്ന കർമ്മം. അതാണ് നിങ്ങളെക്കൊണ്ട് നിവർത്തിക്കാൻ ദൈവം ആഗ്രഹിക്കുന്നത്. ആദ്യം നിങ്ങളുടെ പോരായ്മകൾ മാറ്റുകയായിരുന്നു. ഉടൻ അത് ലോകത്തുനിന്നും മാറ്റാനും അവകാശപ്പെടുത്തി. അതിൽ ആരെല്ലാം ബുദ്ധി കടത്തിയോ അവർക്കെല്ലാം ദോഷങ്ങൾ വന്നുകയറി. ഇവിടുന്ന് മനസുകൊണ്ട് ഒരിക്കലും അകന്നുപോവുകയില്ല എന്നു വിചാരിച്ചവരാണ് ആദികാലത്ത് എന്നോടൊപ്പമുണ്ടായിരുന്നവരും ഈ നാട്ടുകാരും. പക്ഷെ വേണ്ടാത്തതു പ്രവർത്തിച്ചപ്പോൾ സ്വയം അങ്ങു നീങ്ങിപ്പോയി. ആരും ഒന്നും പറഞ്ഞിട്ടല്ല. കൊന്നാലും പോവുകയില്ല എന്നുപറഞ്ഞവരാണ്. അങ്ങനെയൊക്കെ സംഭവിക്കാൻ ഞാൻ എന്തുചെയ്തു? എന്നിൽ ആരെങ്കിലും എന്തെങ്കിലുമൊരു തെറ്റു കണ്ടിട്ടാണോ? ഇത് നിങ്ങളെ ഏല്പിച്ചിരിക്കുന്നതാണ്. നിങ്ങൾക്കിതു നേരെകൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ എനിക്കെന്തു ചെയ്യാൻ കഴിയും?

ഗുരുപൂജ ചെയ്തിട്ടുള്ള വീടുകളിലും ഒന്നുമറിയാതെ സ്നേഹപ്പെട്ടു ജീവിക്കുന്നവരുടെ വീടുകളിലും ഇനിയങ്ങോട്ട് ചില ജനനങ്ങൾ ഉണ്ടാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനുള്ള കർമങ്ങളൊക്കെ ഇവിടെ നടത്തി പൂർത്തീകരിച്ചിട്ടുണ്ട്. 1995 നുശേഷം ഗുരുപൂജ ചെയ്ത വീടുകളിൽ മാറ്റിനിർത്തപ്പെട്ടിരിക്കുന്ന നല്ല പിതൃക്കൾ അഞ്ച്, ഏഴ് വർഷത്തിനകത്ത് ജന്മം എടുക്കാൻ തുടങ്ങും. അങ്ങനെയുള്ള ജന്മങ്ങൾ നമ്മുടെ വീടുകൾക്കുവേണ്ടി എന്നതിലുപരി ലോകത്തിനുവേണ്ടിയാണ് വരുന്നത്. അതാണു പറയുന്നത് നിങ്ങൾ ഒന്നും ചെയ്ത് ഇതിനെ ചീത്തയാക്കരുത്. ഒന്നും അറിയാൻ വയ്യാത്തവരാണെങ്കിലും ആ ദൈവനിശ്ചയം നിങ്ങളിൽ നടക്കട്ടെ.

നേർച്ചകാഴ്ചകൾ കൊടുത്ത് ദൈവത്തിനെ വിളിച്ച പരമ്പരയാണ് നിങ്ങളുടേത്. നിങ്ങൾക്ക് ഒന്നിനെപ്പറ്റിയും വിവരമില്ല. നിങ്ങൾ ഏതിനെയും നിസാരമായിക്കണ്ട് പരിചയിച്ചവരാണ്. ഒരു സന്ന്യാസിക്കോ ഒരു ഋഷിക്കോ കിട്ടുന്നതിനേക്കാൾ തെളിച്ചം നിങ്ങൾ, ഗൃഹസ്ഥാശ്രമികൾക്കു കിട്ടുകയാണ്. എന്തുകൊണ്ടിതു കിട്ടുന്നുവെന്നോ താൻ ഇതെങ്ങനെ ജീവിച്ചെടുക്കണമെന്നോ ഒന്നും നിങ്ങൾക്കറിയില്ല. നിങ്ങളെപ്പോലെ തന്നെ നിങ്ങളുടെ വീടുകളിൽ നിന്ന് ഇവിടെ വന്നു നില്ക്കുന്ന കുട്ടികളുണ്ട്. നിങ്ങൾ തന്നെ അവരെ മാന്യമായി പറഞ്ഞു ധരിപ്പിച്ചില്ലെങ്കിൽ നിങ്ങളെപ്പോലെ തന്നെ അവരും ചീത്തയാകും.

ദൈവവചനം എന്തെന്നു കേട്ടറിഞ്ഞ് അതിൽ മുങ്ങി പ്രവർത്തിക്കേണ്ടവരാണ് നിങ്ങൾ. ചെറിയ ചെറിയ ബുദ്ധി വച്ചു പ്രവർത്തിച്ച് അവിടവിടെ വീണ് അഴുകിപ്പോകേണ്ടവരല്ല.

## വചനദീപ്തി

**‘നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു. ചിന്തകൾ വാക്കുകളും വാക്കുകൾ പ്രവൃത്തികളും പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.”**

മഹാത്മാ ഗാന്ധി

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

2018 ജൂൺ 02 – ജ്യോതിപുരം

### യാമപ്രാർത്ഥന

2018 മെയ് 31 വ്യാഴം

### ജന്മഗൃഹ തീർത്ഥയാത്ര

2018 മെയ് 27 ഞായർ

### പൗർണ്ണമി

2018 മെയ് 28 തിങ്കൾ

## പ്രകാശപദം

# ഭക്തിയുടെ നിർമലത്വം

നാമെങ്ങനെയാണ് ഗുരുവിനെ കാണേണ്ടത്? ആ ഗുരു നമ്മളുടെ ആരാണ്. നമ്മൾ ഗുരുവിനോടു കാണിക്കുന്ന ആ സ്നേഹവാൽസല്യം തന്റെ അരുമയായിത്തീരുന്നതെങ്ങനെയാണ്? ആ അവകാശബോധം എങ്ങനെയാണ്? ആ ഒരു സന്ദർഭത്തെക്കുറിച്ചൊന്നു ചിന്തിച്ചു നോക്കൂ.

കാരണം ഗുരു ഇന്നതാണെന്ന് നാം അറിയും. അറിഞ്ഞിട്ട് നമുക്ക് എടുക്കാൻ കഴിയാത്ത മാനുഷിക ചേതനകൾകൊണ്ട് മൂടപ്പെട്ടിരിക്കുന്ന തന്റെ ശരീരവും തന്റെ പ്രകൃതിയും. ഇതിനെ പൊട്ടിച്ചുകളയുന്ന ഒരു ഭാഗം ഭക്തികൊണ്ടു വരണം. അതാണ് ഭക്തിയുടെ നിർമലത്വം എന്നു പറയുന്നത്. അവിടെയാണ് ‘ആത്മാനാത്മ നിവേദിതം’ എന്നു പറയുന്നതും ‘ആത്മാനാത്മ വിവേചനം’ എന്നു പറയുന്നതും. അവിടെ ‘ജഡമറവീലറിവിന്നു ചിന്തയില്ലാതിടുകയുമില്ലെന്നറിവെന്നറിഞ്ഞു സർവം’ എന്നു പറയുന്ന ഭാഗവും ബോധമില്ല എന്നു പറയുന്ന ഭാഗവും ചെന്നിട്ട് മൃദുവായി ഈശ്വരൻ എന്ന അമൃതത്വത്തിലേക്കു വന്നിട്ട് തന്റെ ഗുരുവും ശിഷ്യനുമായി മാറുന്ന ആ രംഗം നമ്മൾ അനുഭവിച്ചറിയും.

ആ അനുഭവം ഈ പ്രകൃതിയിലെ അന്തരീക്ഷ മലിനീകരണങ്ങളെന്നു പറയുന്ന ഭാഗത്തെ പൊട്ടിച്ചിട്ട് ഞാൻ നേരത്തെ പറഞ്ഞതുപോലെ, ‘സങ്കല്പമാത്രേണ പരമേശ്വര’ എന്നുപറയുന്ന ഭാഗത്ത് ശാന്തിഗിരിയുടെ ഏറ്റവും വലിയ ലക്ഷ്യമായി നിൽക്കുന്ന, യുഗാന്തരങ്ങളിലേക്കു നാം നിവൃത്തിച്ചുവന്ന തെറ്റിനെ അല്ലെങ്കിൽ മന്വന്തരം കൊണ്ട് പൊട്ടിച്ചെറിഞ്ഞിട്ട് ആ മന്വന്തരത്തിൽ ഏതേത് ഭാഗത്ത് തന്റെ ഗുരു ജനിച്ചിരുന്നു, ഏതേതു പ്രകാശത്തിൽ താനും ശിഷ്യനുമായിട്ട് പങ്കുവച്ചിരുന്നു എന്നു കണ്ടിട്ട് അവിടെ ദീർഘദർശിത്വംകൊണ്ട് പൊട്ടിച്ചെറിയണം. അതാണ് ഓരോ കാലത്തും ഗുരുവിന്റെ ധർമം.

അങ്ങനെ തന്റെ ഗുരു ഏതെല്ലാം കാലാന്തരഗുരുവായി ജനിച്ചിരുന്നു, ഒരു കാലാന്തര ഗുരുവാകാൻ ഏതെല്ലാം സൗരയൂഥങ്ങൾ വഹിച്ചവനായിരിക്കണം, ഏതെല്ലാം സൗരയൂഥത്തിൽ അവൻ ദൈവപ്രകാശത്തെ വലയം പ്രാപിച്ചു നിന്നിരുന്നു, ഏതെല്ലാം സൗരയൂഥത്തിന്റെ ഉത്ഭവസ്ഥാനത്തിൽ അവൻ ഈ ഗോളാന്തരത്തിന്റെ സ്വഭാവത്തെ ലയിപ്പിച്ചിട്ട് ബ്രഹ്മത്തിനതീതമായ ആ കനിവിന്റെ സ്വഭാവത്തിലേക്ക് കർമത്തിന്റെ ഭാഗത്തേക്ക് എങ്ങനെ വന്നു എന്നറിയണം. അതാണ് ഒരു ഗുരുശിഷ്യബന്ധം എന്നു പറയുന്നത്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# മോചനത്തിനുള്ള വഴി

ലോകനന്മ ലക്ഷ്യമാക്കി ഒരു പുതിയ തത്വസംഹിത പ്രവർത്തിപഥത്തിൽ കൊണ്ടുവരാനാണ് നമ്മുടെ സർവസ്വമായ ഗുരുവിന്റെ നിതാന്ത പരിശ്രമം. ആ വിശ്വവിശാലമായ മനസിന്റെ നൊമ്പരം തന്നെയാണ് ആ മനസുമായി താദാത്മ്യം പ്രാപിച്ചിട്ടുള്ള എല്ലാ മനസുകളിലും വേദനയായി പ്രതിഫലിക്കുന്നത്. വിശ്വമന:സാക്ഷിയുടെ ദു:ഖം തരംഗങ്ങളായി സഞ്ചരിക്കുകയാണ്. ഗുരുവിന്റെ തീവ്രമായ നൊമ്പരങ്ങളെ വഹിച്ചു പ്രവർത്തിക്കാൻ കഴിവുള്ളവരായി ശിഷ്യപൂജിത മാത്രമെ ഗുരുവിന്റെ കൂടെ ഇന്നോളം വന്നുചേർന്നിട്ടുള്ളൂ. എങ്കിലും ആർജ്ജിച്ചിടത്തോളം അറിവുവച്ചുകൊണ്ട് കൂടെ വന്നുചേർന്നവർ ചിലതൊക്കെ ചെയ്യുന്നു. പക്ഷെ മാനവരാശിയുടെ ഒരു പുതിയ സംസ്കാര വിശേഷത്തെ വളർത്തിയെടുക്കാനുള്ള വേദന ഊഹിക്കാവുന്നതിലും വലുതാണ്.

ആശ്രമം എന്ന സങ്കല്പത്തിലൂടെ ഇന്നത്തെ ലോകന്യായങ്ങളെ പരിപോഷിപ്പിക്കലല്ല ഗുരു ചെയ്യുന്നത്. വേദവും വേദാന്തവും ചർച്ച ചെയ്ത്, തർക്കിച്ചും ജയിച്ചും ഞാൻ വലുത് എന്ന് സ്ഥാപിക്കുകയുമല്ല. ഇന്നോളം അതു ശരി, ഇത് തെറ്റ് എന്നെല്ലാം ചില ലോകന്യായങ്ങൾ പറയുന്നുണ്ടല്ലോ. ദൈവനീതിയെന്നാൽ ഇന്നത്തെ ഈ ലോകനീതിയല്ല. നേരെമറിച്ച് ദൈവദത്തമായിട്ടുള്ള പുത്തൻ ന്യായമാണ്. അതാണ് ശാന്തിഗിരിയിലൂടെ ഗുരു നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നത്. അത് ചോദിച്ചറിഞ്ഞ് ചെയ്യുന്ന രീതിയാണ്. ആരോടാണ് ചോദിക്കുന്നത്? സാക്ഷാൽ പരബ്രഹ്മത്തോടു തന്നെ. ഈ ബ്രഹ്മരഹസ്യമാണ് ഗുരു ലോകത്ത് അവതരിപ്പിക്കുന്ന തത്ത്വസംഹിത. അത് ഗുരുവിന്റെ വേദനയുടെ, നൊമ്പരത്തിന്റെ കണ്ണീരരുവികളുടെ കാണാക്കയത്തിൽനിന്നും ഉറവകൊള്ളുന്നതാണ്.

ഗുരുവിന്റെ വേദന ലോകത്തിനു വേണ്ടിയാണ്, ലോകമക്കൾക്കു വേണ്ടിയാണ്. ലോകജനത ഇന്ന് എത്തിപ്പിടിക്കാൻ ഒരു രക്ഷാമാർഗ്ഗമില്ലാതെ, തങ്ങളുടെ ദു:ഖങ്ങളെ അർപ്പിക്കാൻ ഒരിടമില്ലാതെ അലയുകയാണ്. ലോകത്തിന്റെ ആകെയുള്ള രക്ഷയുടെ അടിസ്ഥാനം ശാന്തിഗിരിയിൽ നിന്നാണ് തുടങ്ങുന്നത്. അതാണ് ആശ്രമത്തിലൂടെ ഗുരു നിർവഹിച്ചുകൊണ്ടിരിക്കുന്നതും. കുടുംബമാരണങ്ങൾ കൊണ്ടും പിതൃദോഷംകൊണ്ടും യാതൊരു ഗതിയും ഇല്ലാതെ വലയുന്ന കുടുംബങ്ങളെ ഏകദൈവ പ്രാർത്ഥനയിലൂടെ ഉന്നതിയിലേക്ക് ഉയർത്തി, ഉണർത്തി എടുക്കുന്ന കർമ്മപദ്ധതിയാണിത്. അതിനായുള്ള ഗുരുവിന്റെ തീരാവേദനയിൽ ഒരു തരിയോളമെങ്കിലും ഭാഗഭാക്കാകുവാൻ സാധിക്കുക എന്നാൽ പുണ്യത്തിൽ വച്ച് പുണ്യവും ഭാഗ്യത്തിൽ വച്ച് ഭാഗ്യവുമാണ്. ആ വേദനയ്ക്കു പിന്നിൽ നന്മയുടെ ഒരു രത്നഖനിയുണ്ട്. വേദനയാകുന്ന ചെളി വാരി വാരി മാറ്റിക്കഴിയുമ്പോഴാണ് ആ ഖനിയുടെ കവാടം കാണാറാകുന്നത്.

ഈ മഹാദൗത്യത്തിനുവേണ്ടി തന്റെ ഭാഗത്തുനിന്ന് എന്തുചെയ്യാൻ കഴിയും എന്നാണ് ഓരോ ഗുരുവിശ്വാസിയും സ്വയം ചോദിക്കേണ്ടത്. നമ്മുടെയും കുടുംബത്തിന്റെയും രക്ഷക്കും ലോകത്തിനു വേണ്ടിയും ഞങ്ങളെന്തു ചെയ്യണമെന്ന് ഗുരുവിനോടുതന്നെ ചോദിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുമാണ് കരണീയമായിട്ടുള്ളത്. ഓരോ കുടുംബത്തിലും ഇങ്ങനെ പരസ്പരപൂരകങ്ങളായ കർമ്മം കൊണ്ട് പുണ്യം നേടി ഭാഗ്യം ആർജ്ജിച്ചെടുക്കണം.

ലോകത്തിനാകെ നന്മ നേർന്നുകൊണ്ട് ഇന്നോളം വന്നിട്ടുപോയ ആചാര്യന്മാരുടെ ദു:ഖത്തിൽ നിന്നും അവർക്ക് മോചനം കൊടുക്കുവാൻ ബ്രഹ്മനിശ്ചയപ്രകാരം ലോകത്തിന്റെ ദു:ഖമാകെ ഏറ്റെടുത്ത് നിവർത്തിക്കുന്ന പരിപൂർണ്ണനായ ഗുരുവിൽ നമ്മുടെ സർവ്വസ്വവും സമർപ്പിക്കുക. സുഖവും ദു:ഖവും നന്മയും തിന്മയും സമ്പത്തും ദാരിദ്ര്യവും എല്ലാമെല്ലാം. അതാണ്, അതു മാത്രമാണ് മോചനത്തിനുള്ള വഴി.

# പാഥേയം

# പരാതിയും കൃതജ്ഞതയും

പഴയൊരു കഥയാണ്. ഒരു കൊച്ചു കുരുവി ഒരിക്കൽ ദൈവത്തോടു ചെന്നു പരാതി പറഞ്ഞു.

“ദൈവമെ അവിടുന്ന് എന്തിനാണ് എന്നെയിങ്ങനെ സൃഷ്ടിച്ചത്? ഞാൻ എത്ര ചെറുതാണ്. കഴുകനെപ്പോലെ അത്യുന്നതങ്ങളിൽ ആകാശവിതാനങ്ങളിൽ പറന്നുനടക്കുവാൻ എനിക്കു കഴിവുണ്ടോ? കുയിലിനെപ്പോലെ മനോഹരമായി പാടുവാൻ എനിക്ക് കഴിവുണ്ടോ? മയിലിനെപ്പോലെ നൃത്തം ചവിട്ടുവാൻ എനിക്ക് കഴിവുണ്ടോ? തത്തമ്മയെപ്പോലെ ഞാൻ കാഴ്ചയ്ക്കു മനോഹരിയാണോ? എന്നെ ഒന്നു കാണുവാൻ പോലും വ്യക്തതയില്ലാത്തവിധം ഞാൻ എത്ര ചെറുതാണ്?’ പരാതി പറഞ്ഞശേഷം അവൾ വിഷാദമൂകയായിരുന്നു.

ദൈവം വാൽസല്യത്തോടെ കുരുവിയെ നോക്കിയിട്ടു പറഞ്ഞു..

‘കുഞ്ഞിക്കുരുവീ.. നീ ഒരു വലിയ കലാകാരിയും ശില്പിയുമാണെന്ന് നീ മറന്നു പോകുന്നു. നീ അതേക്കുറിച്ചു ചിന്തിച്ചിട്ടില്ലേ. നീ ഉണ്ടാക്കുന്ന കൂടുകൾ എത്ര മനോഹരങ്ങളാണ്. കാറ്റിൽ ഉലഞ്ഞു പോകാതെ, മഴയിൽ അലിഞ്ഞുപോകാതെ, തെങ്ങോലകളിൽ തൂങ്ങിക്കിടക്കുന്ന ആ കൂടുകൾ ഇത്ര സൂക്ഷ്മമായി നിർമ്മിച്ചത് നിന്റെ സർഗ്ഗാത്മകമായ കഴിവാണ്. മനുഷ്യർ എത്രയോ ശ്രമിച്ചു നോക്കി ഇതുപോലെ ഒന്നു നിർമ്മിക്കാൻ. പക്ഷേ എത്ര ശ്രമപ്പെട്ട് ഉണ്ടാക്കിയിട്ടും അവിടെ ഒരു കൃത്രിമത്വമല്ലേ കാണാൻ കഴിയുന്നത്. ആ കൂടുകൾ നിന്നെപ്പോലെയുള്ള കരകൗശല ശില്പികൾക്കായി ഞാൻ പകർന്ന ജന്മവാസനയല്ലേ. നിന്റെ കഴിവിനെക്കുറിച്ച് നീ ചിന്തിച്ചു നോക്കൂ. ആ കഴിവിനെ നീ തിരിച്ചറിയൂ... അതാണ് വേണ്ടത്.’

അടുത്തതായി ദൈവത്തിന്റെ മുന്നിലേക്ക് പരാതിയുമായെത്തിയത് ഒരു തുരപ്പനെലിയായിരുന്നു. എലി ദൈവത്തോടു പറഞ്ഞു:

‘ദൈവമേ, എനിക്ക് പാട്ടു പാടാനറിയാമായിരുന്നെങ്കിൽ ഞാനെന്നും അങ്ങയുടെ മഹത്വം പ്രകീർത്തിക്കുമായിരുന്നു. കുരുവി വന്നു പരാതി പറഞ്ഞപ്പോൾ അങ്ങു പറയുന്നതു ഞാൻ കേട്ടു. നീ എത്ര നല്ല ശില്പിയാണെന്ന്, എത്ര മനോഹരമായി നിനക്ക് കൂടുകലുണ്ടാക്കുവാൻ കഴിയുന്നുവെന്ന്. എന്നാൽ എനിക്കെന്താണ് ദൈവമേ ഒരു കഴിവുപോലും തരാതിരുന്നത് ?’

ദൈവം പറഞ്ഞു:

‘എലിക്കുഞ്ഞേ.. നീ ഗായകനല്ല ശരിയാണ്. നീ ശില്പിയുമല്ല, അതും ശരിയാണ്. പക്ഷേ നീ ഒന്നു ചിന്തിക്കുക, ഞാൻ നിന്നെ സൃഷ്ടിച്ചപ്പോൾ നിനക്ക് ഞാൻ മറ്റു ചില കഴിവുകൾ നല്കിയിരുന്നു. ഭൂമി തുരന്നു പോകാനുള്ള നിന്റെ കഴിവുകൾ കണ്ടിട്ടു മനുഷ്യരിലെ എൻജിനീയർമാർപോലും വിസ്മയിക്കുന്നു.

യാതൊരുവിധ ആയുധങ്ങളും പ്രയോഗിക്കാതെ എത്ര കഠിനമായ മണ്ണും തുരന്നു നീ മുന്നേറുന്നു. മനുഷ്യരാണെങ്കിലോ അവർ ഒരു തുരങ്കം സൃഷ്ടിക്കുന്നതിന് തന്നെ എന്തെല്ലാം സാധനസാമഗ്രികൾ ഉപയോഗിക്കുന്നു.

എത്ര എത്ര മുന്നൊരുക്കങ്ങൾ നടത്തുന്നു. എത്ര നാൾ കഠിനമായി പരിശ്രമിക്കുന്നു. ഒരു തയ്യാറെടുപ്പുമില്ലാതെ നീ മല തുരന്നു മുന്നേറുന്നു.’

എലിയെ സമാധാനിപ്പിച്ചു വിട്ടയച്ചപ്പോൾ അടുത്ത പരാതിയെത്തി. ഒരു കുഞ്ഞു മത്സ്യമാണ് പരാതിക്കാരി.

‘ദൈവമേ, കുരുവിയുടേയും എലിയുടേയും പരാതികൾ പരിഹരിക്കുന്നത് ഞാൻ കേട്ടു. കുരുവി നല്ല ശില്പിയാണ്. എലി മണ്ണിനടിയിലെ എൻജിനീയറാണ് ഞാനോ.. ഞാൻ വെറുതെ ഈ വെള്ളത്തിലിങ്ങനെ അങ്ങോട്ടുമിങ്ങോട്ടും ഊളിയിട്ടു നടക്കുന്നു. എനിക്കെന്തെങ്കിലും ഒരു കഴിവു തന്നു കൂടായിരുന്നോ അങ്ങേക്ക്.

എനിക്ക് രണ്ടു ചിറകുകളെങ്കിലും തന്നിരുന്നെങ്കിൽ എത്ര ഉല്ലാസവാനായി ഞാൻ പറന്നു നടക്കുമായിരുന്നു. ’

തേങ്ങുന്ന മത്സ്യത്തിനോടായി ദൈവം പറഞ്ഞു.

‘കുഞ്ഞു മത്സ്യമേ, നീ എന്തിനാണ് ഇങ്ങനെ കരയുന്നത്.. സമുദ്രത്തിന്റെ ആഴത്തിലേക്ക് ഊളിയിട്ടിറങ്ങുന്നതും അഗാധതലങ്ങളിലെ സൂക്ഷ്മരഹസ്യങ്ങൾ അറിയുന്നതും നീയാണ്.

അവിടെയുള്ള വിവിധതരം പവിഴപ്പുറ്റുകൾ, അവ രൂപാന്തരപ്പെടുന്ന രഹസ്യങ്ങൾ, വിചിത്ര ജീവികൾ ഇവയെല്ലാമായി ഇടപഴകുവാനും അവസരം ലഭിച്ചിരിക്കുന്നതും നിനക്കാണ്.

നീ അതു തിരിച്ചറിയുന്നില്ല. അനുഭവിച്ചറിയുമ്പോഴും നിനക്ക് നന്ദിയർപ്പിക്കാൻ കഴിയുന്നില്ല. പരാതി നിന്റെ സ്വഭാവത്തിൽ അലിഞ്ഞുപോയി. അത് മാറ്റിയെടുക്കുമ്പോഴേ നിനക്ക് യാഥാർത്ഥ്യമറിയുവാൻ കഴിയൂ.

ദൈവത്തിന്റെ മറുപടി കേട്ടപ്പോൾ പരാതിക്കാർക്ക് പിന്നെ ഒന്നും പറയാനില്ലായിരുന്നു. പകരം നന്ദി അർപ്പിക്കുവാനാണ് അവർക്ക് തോന്നിയത്.

ഈ കഥയിലേതു പോലെ നാം നിത്യജീവിതത്തിൽ കണ്ടുമുട്ടുന്ന ആളുകളിൽ രണ്ടു തരക്കാരുണ്ട്. ഒരു കൂട്ടർ എപ്പോഴും പിറുപിറുപ്പും പരാതിയുമായി നടക്കുന്നവർ. അവരെപ്പോഴും തങ്ങളുടെ ഇല്ലായ്മയെക്കുറിച്ച് മാത്രം പുലമ്പിക്കൊണ്ടിരിക്കുന്നു. അവർ നന്മയെക്കാളധികം തിന്മ കാണുന്നു. അവർ തങ്ങൾക്കും മറ്റുള്ളവർക്കും പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. അവർ എപ്പോഴും മറ്റുള്ളവരിലേക്ക് ദൃഷ്ടി ഊന്നി നില്ക്കുകയാണ്.

അവർക്കുള്ള സൗകര്യങ്ങൾ തങ്ങൾക്കില്ലാതെ പോയല്ലോ, അവർക്കുള്ള കഴിവുകൾ തങ്ങൾക്ക് ലഭിച്ചില്ലല്ലോ എന്നോർത്ത് മറ്റുള്ളവരുടെ ജീവിതവും തങ്ങളുടെ ജീവിതവുമായി താരതമ്യപ്പെടുത്തി നോക്കുന്നവർ.

എന്നിട്ട് മറ്റുള്ളവരെപ്പോലെ അതായത് അയൽക്കാരനെപോലെ, സമ്പന്നനെപ്പോലെ, സിനിമാനടനെപ്പോലെ, ഗായകനെപ്പോലെ അങ്ങനെയൊക്കെയായി തീരാനുള്ള ശ്രമമാണ് ജീവിതമെന്ന് കരുതി നടക്കുന്ന ഭൂരിപക്ഷത്തെയാണ് നമുക്കു കാണാൻ കഴിയുന്നത്.

ദൈവം നമ്മളെ ഓരോരുത്തരെയും അതാതിന്റെ സ്ഥാനത്ത് സൃഷ്ടിച്ചിരിക്കുന്നു. ആ സ്ഥാനത്ത് നിന്നുകൊണ്ട് നന്മ നിറഞ്ഞ ജീവിതം നയിച്ച് സംതൃപ്തരായി നാം ദൈവത്തോട് നന്ദി പറയുന്നവരായിരിക്കണം നാം. മറ്റൊരാളെപ്പോലെ, ആയിത്തീരാനുള്ള പരിശ്രമമല്ല ജീവിതം. നാം നമ്മളായി നിന്നുകൊണ്ട് നമ്മളിലുള്ള ഊർജ്ജവും ശക്തിയും അതിന്റെ പരമാവധി ഉപയോഗിച്ചുകൊണ്ട് നന്മയുടെ പ്രകാശം പരത്തുക. അതിനുള്ളതാണ് നമ്മുടെ ഈ ജീവിതം.

**സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി**

ഏഷ്യാനെറ്റിൽ അവതരിപ്പിക്കുന്ന ‘**പാഥേയം**’ പ്രോഗ്രാമിൽ നിന്ന്

ആരോഗ്യപരിചയം

# പകർച്ചപ്പനികൾ :

## പ്രതിരോധശേഷി ആയുർവേദത്തിലൂടെ

വൈറസ് രോഗങ്ങളാണ് ഇപ്പോഴത്തെ പ്രധാന ചർച്ചാവിഷയം. മാരകങ്ങളായ ഈ രോഗങ്ങളെ വല്ലാതെ ഭയന്നുകഴിയുകയാണ് എല്ലാവരും. പകർച്ചവ്യാധികൾ എങ്ങനെ ഉണ്ടാകുന്നു? ഭൂമിയും, ജലവും, അഗ്നിയും, വായുവും, ആകാശവും, ജനപദങ്ങളും, മനുഷ്യമനസ്സും എല്ലാം ഇന്ന് മലിനീകരിക്കപ്പെട്ടിരിക്കുന്നു. അതുവഴി വന്ന രോഗാണുക്കളും അവയുടെ ആക്രമണശേഷിയും ഇന്നത്തെ വൈദ്യശാസ്ത്രത്തിന് നിയന്ത്രിക്കാനാവാതെ വളർന്നിരിക്കുകയാണ്. കാലവർഷത്തിനൊപ്പം മാറ്റമില്ലാതെ എത്തുന്ന പകർച്ചനികൾ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നതും ഇതാണ്. ദുർബ്ബലമായ ശരീരത്തിനുള്ളിൽ രോഗാണുക്കളുടെ കടന്നുവരവിനു വേഗതയേറുന്നു.

ആയുർവേദത്തിൽ പകർച്ചപ്പനികളെ ആഗന്തുജ അഭിഷംഗജ (External & infectious) വിഭാഗത്തിൽ പെടുത്തിയിരിക്കുന്നു. ശരീരത്തിലെ എല്ലാവിധ ഉപാപചയ പ്രക്രിയകളുടെയും നിയന്ത്രണം ഏറ്റെടുത്ത് ആഹാര പദാർത്ഥങ്ങളെ വിഘടിപ്പിച്ച് ഊർജ്ജമാക്കി മാറ്റുന്നത് അഗ്നിയാണ്. അങ്ങനെ ഊർജ്ജ സമ്പന്നമാകുന്ന മസ്തിഷ്കം ജീവനാംശങ്ങളെ ആവശ്യാനുസരണം ശരീരകോശങ്ങളിലെത്തിച്ച് ആരോഗ്യത്തെ പ്രദാനം ചെയ്യുന്നു. ഈ ജീവന ശക്തിക്ക് കോട്ടം തട്ടുമ്പോഴാണ് അനുകൂല സാഹചര്യങ്ങളിൽ നിപ്പ, ഡെങ്കു, ചിക്കുൻഗുനിയ, എലിപ്പനി തുടങ്ങിയവയുടെ രോഗാണുക്കൾ നമ്മെ ആക്രമിക്കുന്നത്.

ആയുർവേദത്തിൽ രോഗപ്രതിരോധത്തിനാണ് പ്രാമുഖ്യം. പ്രതിരോധം വർദ്ധിപ്പിക്കാനും, അഗ്നിബലം കൂട്ടാനും നിലവേമ്പ്, തുളസി, ഞവരയില, മല്ലി, അമൃത്, കുരുമുളക്, ഷഡംഗം(മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം) എന്നിവ കൊണ്ടുള്ള ഔഷധക്കൂട്ടുകൾ ഫലപ്രദമാണ്. ആനച്ചുവടി കൊണ്ടുള്ള കുറുക്കു മരുന്നും ഉപയോഗിക്കാവുന്നതാണ്. ഔഷധക്കൂട്ടിലടങ്ങിയ ചുക്ക് വിശ്വഭേഷജമായും അമൃത് പനി പടർന്ന് പിടിക്കുന്ന രോഗാണുബാധയുടെ കെടുതിയിൽ നിന്നും കരളിനേയും വൃക്കയേയും സംരക്ഷിക്കുന്നു.

രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനും പോഷണന്യൂനതയെ പരിഹരിക്കുന്നതിനും ആരോഗ്യമുള്ള പുതുകോശങ്ങളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ച്യവനപ്രാശം, ഇന്ദുകാന്ത കഷായം, വില്വാദിഗുളിക എന്നിവ വൈദ്യ നിർദ്ദേശത്തോടു കൂടി രണ്ടോ മൂന്നോ ആഴ്ച്ച തുടർച്ചയായി സേവിക്കുന്നത് ഫലപ്രദമാണ്. കൂടാതെ അപരാജിതധൂപം, കുന്തിരിക്കം, വേപ്പില ഇവയുടെ പുക അന്തരീക്ഷ ശുദ്ധീകരണത്തിന് നല്ലതാണ്. ഇതിനു പുറമേ മസ്തിഷ്കത്തേയും, ശ്വാസകോശത്തേയും മാരകമായി ബാധിക്കാവുന്ന ‘നിപ്പാ’ തുടങ്ങിയ വൈറസ് മൂലമുണ്ടാകുന്ന മാരക ജ്വരങ്ങളിൽ ‘ബാലസർവ്വാംഗം’ എന്ന ഔഷധം ഫലപ്രദമായി പ്രതിരോധത്തിന് ഉപയോഗിക്കാം.

പകർച്ചപ്പനികളുടെ കരാളഹസ്തത്തിൽ പെടാതെ പ്രതിരോധവലയം സൃഷ്ടിക്കുക എന്നതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. പ്രകൃതിയുമായി ഇണങ്ങിനിന്ന് ഈ സുരക്ഷാവലയം നൽകാനുതകുന്ന ഔഷധങ്ങൾ ആയുർവേദ സിദ്ധ ശാസ്ത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രകൃതിയുടെ നിയമാവലി പൂർണ്ണമായി പിന്തുടരുക എന്നതുതന്നെയാണ് രോഗപ്രതിരോധത്തിന്റെയും ആരോഗ്യ പരിപാലനത്തിന്റെയും കാതൽ.

**ഡോ. ആശാലത ജെ,**

അസിസ്റ്റന്റ് മെഡിക്കൽ സൂപ്രണ്ട്, എസ്.എച്ച്.ആർ.ഒ.

# ആശംസകൾ



**അഞ്ചാം വിവാഹവാർഷികം ആഘോഷിക്കുന്ന ശ്രീജിത്തിനും ലിജിക്കും നാലാം ജന്മദിനം ആഘോഷിക്കുന്ന ഗുരുപ്രിയനും ആശംസകൾ**



## 'വാസശ്രീ' പദ്ധതിയിലേക്ക് സഹായം

**സ്നേഹപുരം:** ആശ്രമത്തിന്റെ ഭവനനിർമ്മാണ സഹായപദ്ധതിയായ 'വാസശ്രീ' പദ്ധതിയിലേക്ക് ആത്മബന്ധുക്കളുടെയും അഭ്യുദയകാംക്ഷികളുടെയും സമർപ്പണം തുടരുന്നു. സ്നേഹപുരം യൂണിറ്റിലെ ജയലാൽ എം.സി.– ഡോ. ഗീതാ ബി ദമ്പതിമാരും, അജിത് കുമാർ– വന്ദന അജിത് ദമ്പതിമാരും ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് വാസശ്രീ പദ്ധതിയ്ക്കുള്ള സംഭാവന കൈമാറി. നവഒലിജ്യോതിർദിന സമ്മേളനത്തിൽ വച്ച് മന്ത്രി കടകംപള്ളി സുരേന്ദ്രനാണ് വാസശ്രീ പദ്ധതി ഉദ്ഘാടനം ചെയ്തത്.



'വാസശ്രീ' പദ്ധതിയിലേക്കുള്ള സഹായധനം അജിത്കുമാറിൽ നിന്നും (മുകളിൽ) എം. സി ജയലാലിൽ നിന്നും (താഴെ) സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഏറ്റുവാങ്ങുന്നു



# ആത്മബന്ധുക്കളുടെ ഭവനങ്ങൾ അഭിവന്ദ്യ ശിഷ്യപൂജിത സന്ദർശിച്ചു

**സ്പിരിച്വൽ സോൺ :** കാഞ്ഞാംപാറ, സ്നേഹപുരം യൂണിറ്റുകളിലെ ഏതാനും ആത്മബന്ധുക്കളുടെ ഭവനങ്ങളിൽ അഭിവന്ദ്യ ശിഷ്യപൂജിത മെയ് 25 ന് സന്ദർശനം നടത്തി.

രാവിലെ 9 മണിക്ക് ആശ്രമത്തിൽ നിന്നും പുറപ്പെട്ട ശിഷ്യപൂജിത ആദ്യം കാഞ്ഞാംപാറ യൂണിറ്റിലെ എസ്. ശ്രീകുമാറിന്റെ ഭവനമായ 'ശാന്തിദീപ'ത്തിലാണ് എത്തിയത്. അവിടെ ഗൃഹപ്രവേശനവും ഓങ്കാര സ്ഥാപനവും നിർവഹിച്ചു. അല്പസമയത്തെ വിശ്രമത്തിനുശേഷം സമീപത്തുള്ള വി. ഉദയകുമാറിന്റെ ഭവനമായ 'ഗുരുവന്ദിത'വും വി. രാജീവിന്റെ ഭവനമായ 'ഗുരുസ്തുതി'യും സന്ദർശിച്ചു. 10.40 മണിയോടെ സ്നേഹപുരത്തേയ്ക്ക് യാത്ര തിരിച്ച ശിഷ്യപൂജിതയ്ക്ക് സ്നേഹപുരം മൺവിളമുകളിൽ വച്ച് പ്രദേശത്തെ ആത്മബന്ധുക്കൾ തട്ടം സമർപ്പണം നടത്തി.

11 മണിക്ക് സ്നേഹപുരത്തുള്ള സി. അനീഷിന്റെ ഭവനമായ 'കരുണ'യിലെത്തി. അവിടെ നിന്ന് സ്നേഹപുരം യൂണിറ്റിലെ തന്നെ ഒ. ബി. സുനിൽകുമാറിന്റെ ഭവനമായ 'നന്മമന്ദിരം', എം.എ. രാജപ്പന്റെ 'ഗുരുനിധി', വിനോദ് പി.ആറിന്റെ 'ഗുരുപുഷ്പം', വത്സല പി.എസിന്റെ 'സ്തുതി', എം.സി. ജയലാലിന്റെ 'മംഗളശ്രീ' എന്നീ ഭവനങ്ങളിലും അഭിവന്ദ്യ ശിഷ്യപൂജിത സന്ദർശനം നടത്തി. അജിത് കുമാറിന്റെ ഭവനമായ 'ഗുരുദാന'ത്തിന്റെ ഗൃഹപ്രവേശന കർമ്മവും നിർവഹിച്ചശേഷം ഉച്ചയ്ക്ക് ഒന്നേകാൽ മണിയോടെ യാത്രതിരിച്ച ശിഷ്യപൂജിത ഒന്നരയോടെ സ്പിരിച്വൽ സോണിൽ മടങ്ങിയെത്തി.




## വിവാഹിതരായി



ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റ് ഗുരുവർണ്ണത്തിൽ ടി.കെ. ഉണ്ണികൃഷ്ണപ്രസാദിന്റെയും ഡോ. പി.എ. ഹേമലതയുടെയും മകൻ ഡോ. യു. ബ്രഹ്മദത്തനും കോഴിക്കോട് കക്കോടി കിഴക്കുമുറി ഗുരുപത്മം ഭവനത്തിൽ പി.എസ്. സുരേഷിന്റെയും എ.പി. വസന്തകുമാരിയുടെയും മകൾ ഡോ. എസ്. സൗഭാഗ്യയും മെയ് 21 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



ഇടുക്കി കമ്പംമേട്ട് കാക്കനാട്ട് വീട്ടിൽ കെ. ആർ. തങ്കപ്പന്റെയും വിജയമ്മ തങ്കപ്പന്റെയും മകൻ കെ.ടി അജിത്തും കണ്ണൂർ തലശേരി മാമ്പറം ഉനകുന്നുമ്മേൽ വീട്ടിൽ ഒ.പി. മുകുന്ദന്റെയും വി. പത്മിനിയുടെയും മകൾ കെ.കെ. ശ്രീകാന്തിയും മെയ് 21 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.

## അഭിനന്ദനങ്ങൾ

35-ാമത് സംസ്ഥാന സബ്ജൂനിയർ അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ രണ്ട് സ്വർണ്ണമെഡലുകളോടെ വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ **ദക്ഷിണ ബിജോ. പിയ്ക്ക്** അഭിനന്ദനങ്ങൾ

ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ജനസേവികപുരം യൂണിറ്റ്



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala